LIBRARY ARCHIVES Kerala Legislative Assembly

## ശാരീരികമായി വെല്ലുവിളി നേരിടുന്നവർക്കായി തൊഴിലും പുനരധിവാസവും

65 (7164) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശാരീരികമായി വെല്ലുവിളി നേരിടുന്നവരുടെ സ്വയം സഹായ ഗ്രൂപ്പുകൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനും അതുവഴി അവരുടെ പുനരധിവാസം ഉറപ്പാക്കുന്നതിനും സാമ്പത്തിക സഹായം നൽകുന്നുണ്ടോ ;

(ബി) ഇല്ലെങ്കിൽ ഇത്തരം ഗ്രൂപ്പുകൾ സമർപ്പിക്കുന്ന പ്രോജക്ടുകൾക്ക് പ്രത്യേക പരിഗണന നൽകി സബ്സിഡിയോടെ ലോൺ അനുവദിക്കുന്നതിന് ആവശ്യമായ നടപടി തൊഴിൽ വകുപ്പ് സ്വീകരിക്കുമോ ?

### ഉത്തരം

(എ & ബി) ശാരീരികമായി വെല്ലുവിളി നേരിടുന്നവരുടെ സ്വയംസഹായ ഗ്രൂപ്പുകൾക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിനും അവരുടെ പുനരധിവാസം ഉറപ്പാക്കുന്നതിനും സാമ്പത്തിക സഹായം നൽകുന്ന പ്രത്യേക പദ്ധതികൾ ഒന്നും വകുപ്പുമുഖാന്തിരം നടപ്പാക്കുന്നില്ല. എന്നാൽ നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് മുഖാന്തിരം നടപ്പാക്കിവരുന്ന കെസ്റു, മൾട്ടി പർപ്പസ് സർവ്വീസ് സെന്റേഴ്സ്/ജോബ് ക്ലബ്, ശരണ്യ എന്നീ സ്വയം തൊഴിൽ പദ്ധതികൾ പ്രകാരം സ്വയംതൊഴിൽ സംരംഭം ആരംഭിക്കുന്നതിന് അപേക്ഷിക്കുന്ന ശാരീരികമായി വെല്ലുവിളി നേരിടുന്നവർക്ക്/ഗ്രൂപ്പുകൾക്ക് പ്രത്യേക പരിഗണനയും മുൻഗണനയും നൽകുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

## ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പിന്റെ പ്രവർത്തനം

66 (7165) ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. കെ. എം. ഷാജി :
ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പിന്റെ പ്രവർത്തനം കാലാനുസൃതമായി പരിഷ്കരിക്കേണ്ടതുണ്ടോ ;

(ബി) എങ്കിൽ അതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;

(സി) വ്യവസായ തൊഴിലാളികളുടെ ആരോഗ്യ സംരക്ഷണകാര്യത്തിൽ വകുപ്പ് നിർവ്വഹിക്കുന്ന ചുമതലകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(ഡി) സ്ത്രീ തൊഴിലാളികളുടെ പ്രസവാനുകൂല്യങ്ങൾ ഉറപ്പുവരുത്തുന്ന കാര്യത്തിലും പരിസ്ഥിതി സംരക്ഷണകാര്യത്തിലും തൊഴിൽശാലകൾ റെയ്ഡ് ചെയ്ത് ഉറപ്പുവരുത്തിയാൽ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ ?